വിശകലനം

●

ജലീൽ പടന്ന

# അത്യുത്തര ദേശത്തെ സാമുദായിക വർത്തമാനങ്ങൾ

**രണ്ട്** കുടുംബങ്ങൾ അനാഥമായി, ലക്ഷക്കണക്കിന് രൂപയുടെ പൊതുമുതൽ നശിച്ചു, പോലീസുകാരുൾപ്പെടെ നിരവധി പേർക്ക് സാരമായും അല്ലാതെയും പരിക്കേറ്റു, അതു മാത്രമല്ല രണ്ട് പ്രബല സമുദായങ്ങൾക്കിടയിൽ കനം കൂടിയ ഭിത്തി പണിതു എന്നതു കൂടിയാണ് 2009 നവംബർ 15-ന് കാസർകോട് നഗരത്തിൽ മുസ്‌ലിം ലീഗിന്റെ സംസ്ഥാന നേതാക്കൾക്ക് നൽകിയ സ്വീകരണത്തിന്റെ ബാക്കി പത്രം. ഈ സംഭവം കാസർകോട്ടെ മുസ്‌ലിം സാമുദായികതയുടെ ചരിത്രവും വർത്തമാനവും വിശകലന വിധേയമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് കൂടി വിരൽ ചൂണ്ടുന്നുണ്ട്.



കേരളത്തിലെ മറ്റു ജില്ലകളിൽനിന്ന് പലതുകൊണ്ടും വ്യത്യസ്തമാണ് കാസർകോട്. 1984 മെയ് 24-ന് നിലവിൽവന്ന ജില്ലയുടെ വിസ്തീർണം 1961.3 ചതുരശ്ര കിലോമീറ്ററാണ്. ഏറ്റവും ഒടുവിലത്തെ

സെൻസസ് പ്രകാരം 34.3 ശതമാനമാണ് മുസ്‌ലിം ജനസംഖ്യ. മലയാളം, തുളു, കൊങ്കിണി, മറാത്തി, ഹിന്ദി, നക്മികി, കന്നട തുടങ്ങിയ ഏഴ് വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നതുകൊണ്ടു തന്നെ സപ്ത ഭാഷാ സംഗമ ഭൂമി എന്ന് വിളിക്കുന്നു കാസർകോടിനെ. എന്നാൽ 70 ശതമാനം പേരും മലയാളം തന്നെയാണ് സംസാരിക്കുന്നത്. കൊറകർ, പാണർ, വേടർ, മാവിലൻ, കുറവർ എന്നീ ആദിവാസി വിഭാഗങ്ങളുടെ ഭാഷകൾ വേറെയും. കേരളത്തിലെ 44 നദികളിൽ എട്ടും ഇവിടെയാണ്. 77 കിലോമീറ്ററാണ് കടൽത്തീരം.



കേരളത്തിൽ ഏറ്റവും കൂടുതൽ ഉറൂസുകൾ(ജാറം നേർച്ചകൾ) നടക്കുന്ന ജില്ല എന്നതിൽനിന്ന് യാഥാസ്ഥിതിക സുന്നി വിഭാഗത്തിന്റെ സ്വാധീനം വ്യക്തമാണ്. കാര്യമായ വ്യവസായ ശാലകളോ തൊഴിൽ സംരംഭങ്ങളോ ഇല്ലാത്ത ഇവിടെ ഗൾഫിന്റെ സ്വാധീനം പ്രകടമാണ്. സർക്കാർ ജോലികളിൽ ജില്ലയിൽനിന്നുള്ള മുസ്‌ലിം സമുദായത്തിന്റെ പ്രാതിനിധ്യം മരുന്നിന് മാത്രം. ഈ മേഖല ഇന്നും ഇവിടുത്തെ മുസ്‌ലിം ചെറുപ്പക്കാരെ കാര്യമായി ആകർഷിക്കുന്ന ഒന്നല്ല. 1970 കളോടെ തുടങ്ങിയ ഗൾഫ് കുടിയേറ്റത്തിന് ഇടക്ക് തളർച്ച ബാധിച്ചിരുന്നെങ്കിലും ഇപ്പോഴും ഒഴുക്കിന് കുറവൊന്നുമില്ല. സർക്കാർ ജീവനക്കാർ അഞ്ചും പത്തും വർഷം ലീവെടുത്ത് ഗൾഫിലേക്ക് ജോലി തേടി പോകുന്ന പ്രവണത ഏറ്റവും കൂടുതൽ കണ്ടു വരുന്നത് കാസർകോട് ജില്ലയിലാണെന്നും കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. ഗൾഫിനെ ആശ്രയിക്കുന്നവരിൽ ഏകദേശം 80 ശതമാനത്തിലേറെയും മുസ്‌ലിം സമുദായത്തിൽ നിന്നുള്ളവരത്രെ. ഇത് സമുദായത്തിന്റെ സാമ്പത്തിക നില ഏറെ മെച്ചപ്പെടുത്തി എന്നത് വാസ്തവം. എന്നാൽ മത–ഭൗതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നത് മറച്ചു വെക്കാനാവാത്ത വിധം അവരുടെ തന്നെ പ്രവർത്തനങ്ങളിൽ മുഴച്ചുകാണാം.

സുഖലോലുപതയിലും മുതലാളിത്ത ജീവിത രീതിയിലും തിമിർത്താടുകയാണ് ജില്ലയിലെ വലിയൊരു വിഭാഗം മുസ്‌ലിം യുവത. വ്യക്തമായ രാഷ്ട്രീയ ബോധമോ സാംസ്കാരിക നിലവാരമോ ഇല്ലാത്ത ഈ ആൾക്കൂട്ടത്തെ അതിവൈകാരികതയുടെ തേരിലേറ്റി കൊണ്ടുനടക്കുകയാണ് രാഷ്ട്രീയ നേതൃത്വം. അതിനാൽ രാഷ്ട്രീയ സംഘർഷങ്ങളും ജില്ലയിൽ അപൂർവമല്ല. അത്തരം സംഘർഷങ്ങളിൽ ഇതിനുമുമ്പും നിരവധി ജീവനുകൾ പൊലിഞ്ഞിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ സംഘട്ടനത്തെ തുടർന്ന് പോലീസ് വെടിവെപ്പിൽ ഒരാൾ മരിക്കാനിടയായത് ജില്ലയുടെ ചരിത്രത്തിൽ തന്നെ ആദ്യ സംഭവമാണ്. രണ്ട് പാർട്ടികളുടെ പ്രവർത്തകർ പരസ്പരം ഏറ്റുമുട്ടി ഒടുവിൽ പോലീസ് വെടിവെപ്പ് ഉൾപ്പെടെയുള്ള ഇടപെടലുകൾ ഉണ്ടാവുന്ന സംഭവങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പലപ്പോഴായി അരങ്ങേറാറുണ്ട്. എന്നാൽ കാസർകോട് സംഭവത്തിലെ ഏറ്റവും അപകടകരമായ പ്രവണത മുസ്‌ലിം ലീഗ് പ്രവർത്തകർ പോലീസുമായി നേർക്കുനേരെ ഏറ്റുമുട്ടി എന്നതാണ്. കല്ലും കുറുവ

ടിയുമായി പോലീസിന് നേരെ പാഞ്ഞടുത്ത പ്രവർത്തകർ ശത്രു സൈന്യത്തോടെന്ന പോലെയാണ് പോലീസിനെ നേരിട്ടതെന്ന് സംഭവത്തിന് ദൃക്സാക്ഷികളായ മാധ്യമ പ്രവർത്തകർ വെളിപ്പെടുത്തുന്നു. പോലീസുകാരെ വാഹനം വളഞ്ഞിട്ട് ആക്രമിക്കുക മാത്രമല്ല ജില്ലാ പോലീസ് സൂപ്രണ്ടിനെ തന്നെ വഴിയിൽ തടഞ്ഞിട്ട് വാഹനം കീഴ്മേൽ മറിച്ചിടുകയും തീവെക്കാൻ ശ്രമം നടത്തുകയുമുണ്ടായി എന്നത് നിസ്സാരമായി കാണേണ്ടതല്ല.

**ഒരു ആൾക്കൂട്ടത്തെ തെളിച്ചു കൊണ്ടുപോയാൽ എന്താണോ സംഭവിക്കുക അതു തന്നെയാണ് ഇപ്പോൾ കാസർകോട്ട് സംഭവിച്ച് കൊണ്ടിരിക്കുന്നത്. ഇവരെ സംസ്കരിച്ചെടുക്കാൻ ഒരു നടപടിയും കൈക്കൊള്ളാതെ ഇനിയും മുന്നോട്ട് പോവുകയാണെങ്കിൽ വിശിഷ്യാ മുസ്‌ലിം ലീഗ് പൊതു സമൂഹത്തിൽനിന്നും വളരെ അകന്ന് പോകും എന്ന് ഉണർത്താതെ വയ്യ. പാർട്ടി പ്രവർത്തകർക്ക് വ്യക്തമായ രാഷ്ട്രീയ അവബോധവും ധാർമിക വിശുദ്ധിയും പകർന്നു നൽകാനാവശ്യമായ പഠനപരിശീലന പരിപാടികളും കൗൺസലിംഗ് സംവിധാനങ്ങളും ഒരുക്കുക എന്നതാണ് ഏറ്റവും കരണീയമായ മാർഗം.**

ഇങ്ങനെയൊക്കെയാണെങ്കിലും പോലീസ് വെടിവെപ്പിനെ ന്യായീകരിക്കാനാവില്ല. ജനക്കൂട്ടത്തെ പിരിച്ചുവിടാൻ ജലപീരങ്കി പ്രയോഗിക്കുകയോ ആകാശത്തേക്ക് വെടിയുതിർക്കുകയോ ചെയ്യാതെ നേരെ നെഞ്ചിലേക്ക് കാഞ്ചി വലിച്ചത് ഒരു ഉയർന്ന പോലീസുദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വൻ വീഴ്ചയായി മാത്രമേ കണക്കാക്കാനാകൂ.

ഇവിടെ പാർട്ടി സമ്മേളനങ്ങൾ മാത്രമല്ല, പെരുന്നാളും ഉറൂസും തുടങ്ങി വിവാഹ ചടങ്ങുകൾ പോലും അടിച്ചു പൊളിച്ച് ആഘോഷിക്കാനുള്ളതാണ്. ഇത്തരം വേദികൾ യുവാക്കളുടെ കൂത്തരങ്ങിന്റെ വേദികളായി മാറാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. മദ്യസൽക്കാരവും ഡാൻസ് പാർട്ടികളും സർവസാധാരണം. സമുദായത്തിലെ കുബേര പുത്രന്മാർ മാത്രമല്ല, സാമ്പത്തികമായി പ്രയാസപ്പെടുന്ന കുടുംബത്തിലെ ചെറുപ്പക്കാരും ഈ രീതി പിന്തുടരുന്നുണ്ടെന്നതാണ് ഖേദകരം! ഇതിനെതിരെ പൊതു വേദികൾ രംഗത്തുവന്നെങ്കിലും ഒന്നും ഫലം കണ്ടില്ല. അഴിഞ്ഞാട്ടത്തിനും വിവാഹധൂർത്തിനും എതിരെ സർക്കുലറയക്കുക എന്നതിൽ കവിഞ്ഞ് വിപ്ലവകരമായ ഒരു നീക്കവും നടത്താൻ മഹല്ല് കമ്മിറ്റികൾക്കും കഴിയാറില്ല. ഇവിടെ സ്ത്രീധനം അനുവദനീയമാണ്. മത-പൗരോഹിത്യം ഈ തരത്തിൽ ഫത്‌വകൾ നൽകിയിട്ടുണ്ട്. സ്ത്രീധന തുകയുടെ അനുപാതം കണക്കാക്കിയാണ് മഹല്ല് കമ്മിറ്റികൾ വിവാഹപ്പണത്തിന്റെ രസീത് മുറിക്കുന്നത്.

സമുദായാംഗങ്ങളുടെ വീട് നിർമാണത്തിന്റെ ചെലവ് ലക്ഷങ്ങളിൽനിന്ന് ഇപ്പോൾ കോടികളിൽ എത്തികഴിഞ്ഞു! തല ഉയർത്തിനിൽക്കുന്ന രമ്യഹർമങ്ങളൊക്കെയും 'ഉമ്മത്തി'ന്റെ സ്വന്തം. വാഹനങ്ങളോ അത്യാഡംബരം. അന്യന്റെ പൗരാവകാശത്തിന് പുല്ലുവില കൽപിച്ചാണ് പാർട്ടി സമ്മേളനങ്ങളും പെരുന്നാളുകളും ഉറൂസുകളും കെങ്കേമമാക്കുന്നത്. റോഡ് ഗതാഗതം തടസ്സപ്പെടുത്തിക്കൊണ്ടുള്ള ബൈക്ക് റാലി ശബ്ദമുഖരിതമാണ്. 'തക്ബീർ റാലി' എന്നാണ് ഇതിന് കൊടുത്തിരിക്കുന്ന

ഓമനപ്പേര്. നിയമപാലക രെയും പൊതുജനങ്ങളെയും ഉച്ചത്തില് തക്ബീര് ധ്വനി കള് കേള്പ്പിച്ച് കണ്ണുരുട്ടി പേടിപ്പിച്ച് നിലക്ക് നിര്ത്തും. ഈ ബൈക്ക് റാലിയാണ് കഴിഞ്ഞ ചെറിയ പെരുന്നാള് തലേന്ന് കാസര്കോടിനെ സംഘര്ഷ ഭൂമിയാക്കി മാറ്റിയത്. ബൈക്ക് റേസിംഗിനെ ഫല



പ്രദമായി തടയുന്നതിന് പകരം, സാധാരണക്കാരന്റെ കൂടി ഇരുചക്രവാഹനത്തെ തടയാന് പോലീസ് നടത്തിയ ശ്രമവും തീരുമാനത്തിലെ അപാകത മൂലം പാളി. ജില്ലാ സൂപ്രണ്ട് ഏര്പ്പെടുത്തിയ നിരോധം കാസര്കോട് എം.എല്.എയുടെ ഇടപെടല്മൂലം ആഭ്യന്തരമന്ത്രി തിരുത്തി. ഈ സംഭവം പോലീസിന്റെ ആത്മവീര്യം ചോര്ത്തിക്കളയുകയും കടുത്ത പ്രതികാര ബുദ്ധി അവരില് വളര്ത്തുകയും ചെയ്തു എന്നുവേണം പിന്നീട് നടന്ന സംഭവവികാസങ്ങളില്നിന്ന് വായിച്ചെടുക്കാന്. വികലാംഗനും മുതിര്ന്ന മാധ്യമ പ്രവര്ത്തകനുമായ റഹ്മാന് തായലങ്ങാടിയെ വരെ പോലീസ് അതിക്രൂരമായി മര്ദിച്ചവശനാക്കി.

ഇപ്പോള് കാസര്കോട് നഗര പരിധിയില് മോട്ടോര് ബൈക്കുകള്ക്ക് കടുത്ത നിയന്ത്രണമാണ് പോലീസ് ഏര്പ്പെടുത്തിയിരിക്കുന്നത്. അഞ്ചിനും അമ്പതിനും ഇടയില് പ്രായമുള്ള പുരുഷന്മാര് മോട്ടോര് ബൈക്കിന് പിറകിലിരുന്ന് യാത്ര ചെയ്യാന് പാടില്ല എന്നാണ് പോലീസ് ഉത്തരവ്.

'തഖ്വ നഗര്, മില്ലത്ത് നഗര്, ബിസ്മില്ലാ ഗല്ലി' തുടങ്ങിയവയൊക്കെ കാസര്കോട്ടെ പോരിശയാക്കപ്പെട്ട കേന്ദ്രങ്ങളുടെ സ്ഥലനാമങ്ങളാണെന്ന് തെറ്റിദ്ധരിക്കേണ്ട. ക്ഷുഭിത യൗവനം തമ്പടിക്കുന്ന കേന്ദ്രങ്ങളുടെ പേരുകളാണിതൊക്കെയും. അവര് സ്വയം നല്കുന്ന പേരുകളാണിവ. സര്ക്കാര് വിജ്ഞാപനമോ നടപടി ക്രമങ്ങളോ ഇവിടെ ബാധകമല്ല; ഇവരുടെ സ്വയംഭരണമാണ് ഇത്തരം കേന്ദ്രങ്ങളില്. പച്ച നിറത്തില് കൊത്തിവെച്ച കമാനങ്ങളും ബസ് വെയ്റ്റിംഗ് ഷെഡുകളും ഇവരുടെ ആധിപത്യം വിളിച്ചോതും. 'മദീന ബോയ്സ്, ഇറാനി ഗൈസ്, ഹുജ്ജത്ത് ബോയ്സ്' എന്നിവ യുവ കൂട്ടായ്മകളുടെ വിളിപ്പേരുകളാണ്. പെരുന്നാള് ദിവസം പൊതുനിരത്തുകള് ഇവര്ക്ക് സ്വന്തം. ജില്ലയിലെ സഹോദര സമുദായാംഗങ്ങള് പുറത്തിറങ്ങാത്ത ദിവസങ്ങളാണ് രണ്ട് പെരുന്നാള് ദിനങ്ങളെന്നത് ഇവിടെ വ്യാപകമായി പ്രചാരത്തിലുള്ള വര്ത്തമാനങ്ങളാണ്. പെരുന്നാള് അടുത്തെന്ന് കേട്ടാല് ഇവരുടെ മനസ്സുകളില് ആധി കയറും.

ഇതാണ് കാസര്കോട് ജില്ലയിലെ സഹോദര സമുദായാംഗങ്ങള് അനുഭവിച്ചുകൊണ്ടിരിക്കുന്ന 'ഉമ്മത്തു മുസ്ലിമ.' ഇവരുടെ മനസ്സുകളില് ഇസ്ലാമിനെ കുറിച്ചുള്ള ധാരണ എപ്രകാരമാണെന്ന് പറയേണ്ടതില്ലല്ലോ. ഇവിടെ സംഘ്പരിവാര് ശക്തികളുടെ വളര്ച്ചയുടെ മനഃശാസ്ത്രവും ഇതില്നിന്ന് വ്യക്തമാവും. കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പില് കാസര്കോട്, മഞ്ചേശ്വരം മണ്ഡലങ്ങളില് ബി.ജെ.പിക്ക് രണ്ടാം സ്ഥാനത്ത് എത്താന് കഴിഞ്ഞു എന്നതും ഇതോടു ചേര്ത്തു വായിക്കുക.

ഇത്തരം ഒരു ആള്ക്കൂട്ടത്തെ തെളിച്ചു കൊണ്ടുപോയാല് എന്താണോ സംഭ

വിക്കുക അതു തന്നെയാണ് ഇപ്പോൾ കാസർകോട്ട് സംഭവിച്ച് കൊണ്ടിരിക്കുന്നത്. ഇവരെ സംസ്കരിച്ചെടുക്കാൻ ഒരു നടപടിയും കൈക്കൊള്ളാതെ ഇനിയും മുന്നോട്ട് പോവുകയാണെങ്കിൽ വിശിഷ്യാ മുസ്ലിം ലീഗ് പൊതു സമൂഹത്തിൽനിന്നും വളരെ അകന്ന് പോകും എന്ന് ഉണർത്താതെ വയ്യ. പാർട്ടി പ്രവർത്തകർക്ക് വ്യക്തമായ രാഷ്ട്രീയ അവബോധവും ധാർമിക വിശുദ്ധിയും പകർന്നു നൽകാനാവശ്യമായ പഠനപരിശീലന പരിപാടികളും കൗൺസലിംഗ് സംവിധാനങ്ങളും ഒരുക്കുക എന്നതാണ് ഏറ്റവും കരണീയമായ മാർഗം.

**അമേയ് കോളനിയിലെ ഷൺമുഖ ഭജനമന്ദിരത്തിന് നേരെ നടന്ന ആക്രമണം കഴിഞ്ഞ കുറച്ച് കാലമായി കാസർകോട്ട് രൂപപ്പെട്ടു കൊണ്ടിരിക്കുന്ന വർഗീയ ധ്രുവീകരണത്തിന് ശക്തി പകരും. സംഘ്പരിവാർ ശക്തികൾക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ മണ്ണ് പാകപ്പെടുത്തിക്കൊടുക്കുന്ന പണിയാണ് മുസ്ലിം ചെറുപ്പക്കാർ അറിഞ്ഞോ അറിയാതെയോ ചെയ്തു കൊണ്ടിരിക്കുന്നു എന്നതാണ് ഖേദകരമായ വസ്തുത.**

എങ്ങനെയും വൻ ആൾക്കൂട്ടങ്ങളെ സംഘടിപ്പിച്ച് ശക്തി കാട്ടുക എന്നത് മാത്രമായി പാർട്ടി സമ്മേളനങ്ങളുടെ ലക്ഷ്യം പരിമിതപ്പെടുമ്പോഴാണ് ദുരന്തങ്ങൾ സംഭവിക്കുന്നത് എന്ന് പാർട്ടി നേതൃത്വങ്ങൾ തിരിച്ചറിയാൻ വൈകരുത്. അച്ചടക്കവും അനുസരണയും ഇല്ലാത്ത ആൾക്കൂട്ടങ്ങളെ പോലീസിന് മാത്രമല്ല പാർട്ടി നേതൃത്വത്തിന് തന്നെ നിയന്ത്രിക്കാനാവുന്നില്ലെന്ന് വന്നാൽ അതുണ്ടാക്കിവെക്കുന്ന 'എടങ്ങേറ്' എത്ര വലുതായിരിക്കും എന്നതിന്റെ വ്യക്തമായ പാഠമാണ് കാസർകോട് സംഭവം വരച്ചു കാട്ടുന്നത്. ഇവിടെ നേതൃത്വം തീർച്ചയായും പ്രതിസ്ഥാനത്താണ്. കാരണം, ഈ ചെറുപ്പക്കാരെ ഇവ്വിധം വഷളാക്കിയതിൽ ഇവർക്കുള്ള പങ്ക് ഒട്ടും ചെറുതല്ല. ആരാണ് ഇവർക്ക് ഇങ്ങനെ അഴിഞ്ഞാടാനുള്ള ലൈസൻസ് കൊടുത്തത്? സമ്മേളനങ്ങൾ നടക്കുമ്പോൾ നഗരം മുഴുവൻ തങ്ങളുടെ കീഴിലാവണം എന്നത് നേതൃത്വത്തിന്റെ കൂടി താൽപര്യമാവുമ്പോഴാണ് സാമൂഹിക വിരുദ്ധരായ പാർട്ടി പ്രവർത്തകർക്ക് അഴിഞ്ഞാട്ടത്തിനുള്ള അവസരമൊരുങ്ങുന്നത്. ഇത് തിരിച്ചറിയാൻ 'സെൻസ്' ഉള്ള രാഷ്ട്രീയ നേതൃത്വം ഇല്ലാതെ പോയി എന്നതാണ് കാസർകോട്, കണ്ണൂർ ജില്ലകളുടെ ദുര്യോഗം. സംഭവം നടക്കുന്നതിന്റെ മുമ്പും പിമ്പും നേതൃത്വങ്ങൾ നടത്തുന്ന പ്രസ്താവനകൾ വായിച്ചാൽ ഇത് ബോധ്യപ്പെടും. വെള്ളമൊഴിച്ച് തീക്കനലുകൾ കെടുത്തുന്നതിന് പകരം എണ്ണയൊഴിച്ച് ആളികത്തിക്കാനുള്ള ശ്രമമാണ് നേതൃത്വങ്ങൾ നടത്തുന്നത്.

കാസർകോട്ട് വെടിവെപ്പ് നടന്ന തൊട്ടുടനെ മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് ഹൈദരലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയും നടത്തിയ പ്രസ്താവനകൾ സൂക്ഷ്മ വിശകലനം നടത്തിയാൽ വ്യക്തമാകുന്ന ചില വൈരുധ്യങ്ങളുണ്ട്. പ്രവർത്തകർ ശാന്തരാകണമെന്നും ആത്മസംയമനം പാലിക്കണമെന്നുമായിരുന്നു തങ്ങളുടെ ആഹ്വാനം. എന്നാൽ തികച്ചും സമാധാനപരമായി നടന്ന സമ്മേളനത്തിൽ ചില ബാഹ്യശക്തികളും പോലീസും ചേർന്ന് കുഴപ്പങ്ങൾ സൃഷ്ടിക്കുകയായിരുന്നു എന്നാണ് പി.കെ കുഞ്ഞാലിക്കുട്ടിയുടെ നിരീക്ഷണം. അതായത് തങ്ങളുടെ പ്രവർത്തകർക്ക് പിഴച്ചിട്ടില്ലെന്ന്! ധീരമായി മുന്നോട്ട് പോയ്ക്കോളൂ, ഞങ്ങളുണ്ട് പിന്നാലെ എന്ന് വേണമെങ്കിൽ ഈ പ്രസ്താവനയെ വ്യാഖ്യാനിച്ചു

കൂടേ? എന്നാൽ ഉച്ചക്ക് 2 മണിയോടു കൂടി തന്നെ നഗരം കൈയടക്കിയ മുസ്‌ലിം ലീഗ് പ്രവർത്തകർ നടത്തിയ പരാക്രമങ്ങൾ നേരിൽ ദർശിച്ച കാസർകോട്ടെ സാധാരണ ജനങ്ങളും മാധ്യമ പ്രവർത്തകരും ഇത് അംഗീകരിച്ചു കൊടുക്കാൻ തയാറല്ല. അമേയ് കോളനിയിലെ ഷൺമുഖ ഭജനമന്ദിരത്തിന് നേരെ നടന്ന ആക്രമണം കഴിഞ്ഞ കുറച്ച് കാലമായി കാസർകോട്ട് രൂപപ്പെട്ടു കൊണ്ടിരിക്കുന്ന വർഗീയ ധ്രുവീകരണത്തിന് ശക്തി പകരും. സംഘ്പരിവാർ ശക്തികൾക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ മണ്ണ് പാകപ്പെടുത്തിക്കൊടുക്കുന്ന പണിയാണ് മുസ്‌ലിം ചെറുപ്പക്കാർ അറിഞ്ഞോ അറിയാതെയോ ചെയ്തു കൊണ്ടിരിക്കുന്നത് എന്നതാണ് ഖേദകരമായ വസ്തുത.

കാസർകോടിന്റെ മഹിതമായ പാരമ്പര്യത്തെയാണ്, വിവേകത്തേക്കാളേറെ വികാരത്തിനടിപ്പെട്ടുപോയ മുസ്‌ലിം സമുദായത്തിലെ ചെറുപ്പക്കാരിൽ ഒരു വിഭാഗം തകർത്തെറിഞ്ഞു കൊണ്ടിരിക്കുന്നത്. ഇതിനെ കേവലം ഒരു രാഷ്ട്രീയ പ്രശ്നം എന്ന കളത്തിൽ പെടുത്തി, യാതൊരുവിധ ഇടപെടലുകളും നടത്താതെ മാറിനിൽകുന്ന മതനേതൃത്വങ്ങളും വിമർശിക്കപ്പെടേണ്ടതുണ്ട്. സമൂഹത്തിനോ സമുദായത്തിനോ ഗുണം ചെയ്യാത്ത നിസ്സാരങ്ങളായ വിഷയങ്ങൾക്ക് വേണ്ടി തർക്കിക്കാനും തെറി പറയാനും വ്യക്തിഹത്യ നടത്താനും മാത്രം വാതുറക്കുന്ന മത നേതൃത്വങ്ങൾ കണ്ണ് തുറക്കണം. തെരുവിലെ തെറിയഭിഷേകവും എൽ.സി.ഡി പ്രദർശനവുമൊക്കെ അൽപകാലത്തേക്കെങ്കിലും മാറ്റിവെച്ച് സമുദായത്തിലെ ചെറുപ്പക്കാർക്ക് നേർവഴി കാട്ടിക്കൊടുക്കാനുള്ള കർമ പരിപാടികളെ കുറിച്ച് കൂട്ടായിരുന്ന് ആലോചിക്കണം. ■